# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/7821/1996

തീയതി: 25-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. ദേവ്സൺ റബ്ബേഴ്സ് - കൈമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ 06-09-97 - ലെ ബി1/7821/96-ാം നമ്പർ നടപടിക്രമം.

6) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ 732/2017/ഐ.ഡി തീയതി 24-05-17.

7) ശ്രീമതി കുഞ്ഞുമോൾ മാത്യു, ശ്രീ.പി.ഡി തോമസ് എന്നിവരുടെ 17-11-17 ലെ അപേക്ഷകൾ.

8) 17-03-18 ലെ ജില്ലാ ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി തീരുമാനം.

9) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/2013 -ാം നമ്പർ സർക്കുലർ.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/1 ൽ പെട്ട 15 സെന്റ് സ്ഥലം ശ്രീമതി കുഞ്ഞുമോൾ മാത്യു, പാലത്തൂർ ഹൗസ്, കുമാരനല്ലൂർ എന്നയാൾക്ക് വി സ്ട്രാപ്പ് നിർമ്മാണത്തിനായി മെ. ദേവ്സൺസ് റബ്ബേഴ്സ് എന്ന പേരിൽ സൂചന (5) പ്രകാരം അനുവദിച്ച് നൽകിയിരുന്നു.

സാമ്പത്തിക പരവും ആരോഗ്യപരവുമായ കാരണങ്ങളാൽ മേൽ യൂണിറ്റ് ലഭകരമായി നടത്തികൊണ്ട് പോകുന്നതിന് സാധിക്കുന്നില്ല എന്നും ആയതിനാൽ ടി സ്ഥാപനവും സ്ഥലവും ഭർത്തൃസഹോദരനായ ശ്രീ. പി.ഡി തോമസ്, പാലത്തൂർ ഹൗസ്, കുമാരനല്ലൂരിന് കൈമാറ്റം ചെയ്തു നൽകണമെന്ന് ശ്രീമതി കുഞ്ഞുമോൾ മാത്യുവും ടി സ്ഥാപനം മെ. ദേവ്സൺസ് റബ്ബേഴ്സ് എന്ന പേരിൽ തന്നെ റബ്ബർ മാറ്റ്/മൗൾഡഡ് ഉല്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി കൈമാറി അനുവദിച്ചു കിട്ടുന്നതിന് ശ്രീ.പി.ഡി തോമസും സൂചന (7) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

യൂണിറ്റിന്റെ പേരിൽ ആർ.ആർ നടപടികൾ നിലവിലില്ല എന്ന, ആർ.ആർ തഹസീൽദാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എസ്.ഐ.എസ്/ഇ.എസ്.എസ്/എം.എം.എൽ എന്നിവയിൽ ബാധ്യതകൾ ഒന്നുംതന്നെയില്ല. യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമാണ്. ചെക്ക്ലിസ്റ്റ് പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ട്. 17-03-18 ലെ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയിൽ യൂണിറ്റിന്റെ കൈമാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുകയും വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/13-ാം നമ്പർ സർക്കുലർ പ്രകാരം ഡി.എ/ഡി.പി കളിലെ, അസൈൻമെന്റ് ലഭിക്കാത്ത യൂണിറ്റുകളുടെ കൈമാറ്റം/ഘടനാമാറ്റം എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള അധികാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നൽകിയിട്ടുണ്ട്. യൂണിറ്റ് നിലവിലെ സ്ഥലവിലനിരക്ക് അനുസരിച്ചുള്ള സ്ഥലവില വ്യത്യാസവും സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസും സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

RET

മേൽ സാഹചര്യത്തിൽ യൂണിറ്റിന്റെ കൈമാറ്റം അനുവദിച്ചുകൊണ്ട് ചുവടെ ചേർക്കും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/1 ൽ പെട്ടതും ശ്രീമതി കുഞ്ഞുമോൾ മാത്യുവിന് വി സ്ട്രാപ്പ് നിർമ്മാണത്തിനായി അനുവദിച്ചിരുന്നതുമായ 15 സെന്റ് സ്ഥലവും മെ. ദേവ്സൺസ് റബ്ബേഴ്സ് എന്ന യൂണിറ്റും ശ്രീ. പി.ഡി തോമസ്, പാലത്തൂർ ഹൗസ്, കുമാരനല്ലൂർ എന്നയാൾക്ക് മെ. ദേവ്സൺ റബ്ബേഴ്സ് എന്ന പേരിൽ തന്നെ റബ്ബർ മാറ്റ്/മൗൾഡഡ് ഉല്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി താഴെ പറയുന്ന വ്യവസ്ഥകളോടെ കൈമാറ്റം ചെയ്ത് ഉത്തരവാകുന്നു.

1) ശ്രീ. പി.ഡി തോമസ്, പാലത്തൂർ ഹൗസ്, കുമാരനല്ലൂർ സൂചനയിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകൾ പ്രകാരം സർക്കാരുമായി ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
2) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.
3) ഉത്തരവുതീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ ആക്ടിവിറ്റി/ഘടനാ മാറ്റം/ കൈമാറ്റം/ പേരുമാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീ. പി.ഡി തോമസ് സമർപ്പിക്കേണ്ടതാണ്.

എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവു തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ഓഫീസിലെ ഡി.എ/ഡി.പി കളുടെ അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. പി.ഡി തോമസ്, പാലത്തൂർ ഹൗസ്, കുമാരനല്ലൂർ
2) ശ്രീമതി കുഞ്ഞുമോൾ മാത്യു, പാലത്തൂർ ഹൗസ്, കുമാരനല്ലൂർ

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 23-07-18